"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - ബെവ്കോ ജീവനക്കാര്യം- അഗ്നിരക്ഷാ സേന വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ നൈറ്റ് വാച്ചർ ശ്രീ.അഞ്ജയ്.വി- യെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകുന്നത്- ഉത്തരവ് പുറപ്പെടുവിക്കുന്നു

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.495/2024/TAXES തീയതി,തിരുവനന്തപുരം, 10-06-2024

പരാമർശം:-
1. 20.01.2022 -ലെ എ2/90/2021-നികുതി നം സർക്കാർ കത്ത്.
2. സ.ഉ(സാധാ)നം. 655/2023/നികുതി തീയ്യതി 21.09.2023
3. ശ്രീ.അഞ്ജയ്.വി 27.09.2023- ൽ സമർപ്പിച്ച അപേക്ഷ
4 ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 09.10.2023- ലെ FIREHQ/2656/2022-E3 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
5 കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 07.02.2024 ലെ 21057/എഇ11/2022/കെ. എസ്.ബി.സി നമ്പർ കത്ത്.

**ഉത്തരവ്**

അഗ്നിരക്ഷാ സേന വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ നൈറ്റ് വാച്ചർ ശ്രീ.അഞ്ജയ്.വി കേരള സംസ്ഥാന ബിവറേജസ് കോർപ്പേറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവനം ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.അഞ്ജയ്.വി യ്ക്ക് കേരള സംസ്ഥാന ബിവറേജസ് കോർപറേഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവനം അനുവദിക്കുന്നതിന് ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (4) പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ശ്രീ.അഞ്ജയ്.വി-യ്ക്ക് കോഴിക്കോട് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം 5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അഗ്നിരക്ഷാ സേന വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ നൈറ്റ് വാച്ചർ ശ്രീ.അഞ്ജയ്.വി-യെ കോഴിക്കോട് ജില്ലയിൽ കേരള സംസ്ഥാന ബിവറേജസ് കോർപറേഷന്റെ FL-1 ഷോപ്പിൽ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) ഈ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് നൽകേണ്ടതും നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാതൃവകുപ്പ് ശ്രീ.അഞ്ജയ്.വി യെ വിടുതൽ ചെയ്യേണ്ടതുമാണ്. വിടുതൽ ചെയ്യുന്ന ജീവനക്കാരന് പകരം

മാതൃ വകുപ്പിൽ പകരം നിയമനം നടത്തുവാൻ പാടുള്ളതല്ല. കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമെൻസ് ഇൻസെന്റീവിനും എക്സ്ഗ്രേഷ്യയ്ക്കും ശ്രീ.അഞ്ജയ്.വി യ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. ടി നിയമനം ജോലിയിൽ പ്രവേശിക്കുന്ന സമയം മുതൽ ഒരു വർഷത്തേക്കോ, പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടക്കുന്നതുവരെയോ എതാണോ ആദ്യം അതുവരെ മാത്രമായിരിക്കും.

4) അന്യത്ര സേവന കാലാവധിയ്ക്കുള്ളിൽ ശ്രീ.അഞ്ജയ്.വി- യ്ക്ക് സ്ഥാനകയറ്റം ലഭിക്കുകയാണെങ്കിലോ, അനുവദിച്ചിട്ടുള്ള കാലാവധിയ്ക്ക് ശേഷം അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് സർക്കാർ അനുമതി നല്കിയില്ലയെങ്കിലോ ടിയാളുടെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 140 (സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ്, പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചന്ദ്രഗോപൻ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്

1. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ് ബി.സി, ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.
2. ഡയറക്ടർ ജനറൽ , ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ്, ഹോംഗാർഡ്സ് &

   സിവിൽ ഡിഫൻസ് ആസ്ഥാനം, ഫയൽഫോഴ്സ് ജംഗ്ഷൻ, തിരുവനന്തപുരം-01
3. ശ്രീ.അഞ്ജയ്.വി (മാതൃവകുപ്പ് മുഖാന്തിരം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

6. ആഭ്യന്തര (എഫ് )വകുപ്പ്
7. വെബ്ബ് ആന്റ് ന്യൂ മീഡിയ
8. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (നികതി-എ2/44/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 10-06-2024 15:11:51